നൽകുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് അദ്ധ്യാപക പാക്കേജ് പ്രഖ്യാപിച്ചത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന്റെ ഭാഗമായി പ്രശ്നരഹിതമായ അദ്ധ്യാപകസമൂഹം അത്യാവശ്യ ഘടകമാണെന്നതിന്റെ അടിസ്ഥാനത്തിലും എയ്ഡഡ് സ്കൂൾ നിയമനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും പാക്കേജ് ലക്ഷ്യമിട്ടിരുന്നു. ശമ്പളമില്ലാതെ ജോലിയിലിരുന്ന 3361 അദ്ധ്യാപകർക്കും റിട്രെഞ്ച്ഡ് ആയ 1462 അദ്ധ്യാപകർക്കും അദ്ധ്യാപക പാക്കേജിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. എന്നാൽ ബഹു. ഹൈക്കോടതി 30107/13 എന്ന കേസിലെ 15-1-2015-ലെ വിധിയിലൂടെ അദ്ധ്യാപക പാക്കേജും അനുബന്ധ ഉത്തരവുകളും നിലവിൽ റദ്ദു ചെയ്തിട്ടുണ്ട്. ഇതിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ

26 (*116) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആരുടെയെല്ലാം സഹായമാണ് ഇതിനായി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ;

(സി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി മൂലം പൊതുവിപണിയിലെ വിലവർദ്ധന എത്രമാത്രം നിയന്ത്രിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വ്യക്തമാക്കാമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) ഉണ്ട്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടിയാണ് മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സപ്ലൈകോയുടെ വിൽപ്പനശാലകളില്ലാത്ത ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് പ്രൊപ്പോസൽ ആവശ്യപ്പെട്ടുകൊണ്ട് സപ്ലൈകോ ഹെഡ്ഓഫീസിൽനിന്നും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്ക് കത്ത് നൽകിയിരുന്നു. സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുവാൻ സാമ്പത്തികമായി ബുദ്ധിമുട്ടുണ്ടെന്നും ആയതിനാൽ ഇക്കാര്യത്തിൽ ഇളവ് അനുവദിക്കണമെന്നും രേഖാമൂലം ആവശ്യപ്പെട്ട അഞ്ചുതെങ്ങ്, മല്ലപ്പുഴശ്ശേരി, പൊൻമള, തരുമിറ്റക്കോട് എന്നീ പഞ്ചായത്തുകൾക്ക് ഇക്കാര്യത്തിൽ ഇളവ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇപ്പോൾ കേരളത്തിൽ ആകെയുള്ള 978 ഗ്രാമപഞ്ചായത്തുകളിൽ 50 പഞ്ചായത്തുകൾ ഒഴികെ ബാക്കി എല്ലാ പഞ്ചായത്തുകളിലും സപ്ലൈകോയുടെ വിൽപ്പനശാലകൾ പ്രവർത്തിച്ചുവരുന്നുണ്ട്. സപ്ലൈകോയുടെ ഈ വിൽപ്പനശാലകൾ വഴി എല്ലാ ജനങ്ങൾക്കും 13 ഇനം അവശ്യസാധനങ്ങൾ പൊതുവിപണിവിലയേക്കാൾ 20% മുതൽ 35% വരെ കുറച്ച് സബ്സിഡി നിരക്കിൽ ലഭ്യമാക്കി വരുന്നതിനോടൊപ്പംതന്നെ മറ്റെല്ലാ നിത്യോപയോഗ/FMCG സാധനങ്ങളും MRP-യിൽ നിന്ന് 15% വരെ വിലക്കുറച്ച് വിതരണം ചെയ്തുവരുന്നുണ്ട്. ഇപ്രകാരം വിതരണം ചെയ്യുന്നതു വഴി പൊതുവിപണിയിലെ വിലവർദ്ധന ഫലപ്രദമായ രീതിയിൽ നിയന്ത്രിക്കുവാൻ സപ്ലൈകോയ്ക്ക് സാധിക്കുന്നുണ്ട്.

സ്കൂളുകളിലെ സാനിട്ടേഷൻ സംവിധാനം

27 (*117) ശ്രീ. കോവൂർ കുഞ്ഞുമോൻ :

ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ആവശ്യത്തിന് മൂത്രപ്പുരകളും കക്കൂസുകളും നിലവിലുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ;

(ബി) കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഇവയുടെ സംസ്ഥാപനത്തിൽ വ്യത്യാസമുണ്ടോ ; വിശദീകരിക്കുമോ ;

(സി) മൂത്രപ്പുരകളും കക്കൂസുകളും ഉപയോഗയോഗ്യമാണെന്ന് കണ്ടെത്തുന്നതിന് പരിശോധന നടത്താറുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) സ്കൂളുകളിലെ സാനിട്ടേഷൻ സംവിധാനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly